**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ശോഭനകുമാരിയ്ക്കെതിരായ അച്ചടക്ക നടപടി - തുടർനടപടികളിൽ നിന്നും ഒഴിവാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2755/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 27.10.2018

==================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.03.2015-ലെ ഇ 5-(എസ് സി 57/2014/ഇആർകെ) 36046/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 24.04.2015-ലെ 4062/ഡി3/2015/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 24.03.2017-ലെ 41/ഇപിബി2/2017/തസ്വഭവ നമ്പർ കുറ്റപത്രം

4. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2017-ലെ ഡി5-12020/2017 (2) നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി യഥാസമയം ഓഫീസിൽ ഹാജരാകുന്നില്ലെന്നും, കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പർ, ജനന സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനായി അപേക്ഷകരിൽ നിന്നും നിയമവിരുദ്ധമായി പ്രതിഫലം കൈപ്പറ്റുന്നുവെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീമതി. ശോഭനകുമാരി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, കൂടാതെ ഉടമസ്ഥാവകാശ കൈമാറ്റ സർട്ടിഫിക്കറ്റ്, കെട്ടിട പെർമിറ്റ് എന്നിവ നൽകുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ശോഭനകുമാരിയ്ക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകിയെങ്കിലും ശ്രീമതി. ശോഭനകുമാരി 30.11.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടി കുറ്റപത്രം പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ തിരികെ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽനോട്ടത്തിൽ വീഴ്ച വരുത്തി എന്ന കുറ്റത്തിനാണ് ശ്രീമതി. ശോഭനകുമാരിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തിരുന്നതെങ്കിലും ശ്രീമതി. ശോഭനകുമാരി 30.11.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കുറ്റപത്രം നൽകിയിട്ടില്ല. ശ്രീമതി. ശോഭനകുമാരി സേവനത്തിൽ നിന്നും

വിരമിച്ചതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നു കാണുന്നു. ഈ സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ച വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ശോഭനകുമാരിയ്ക്കെതിരായ അച്ചടക്ക നടപടി തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. ശോഭനകുമാരി, മുൻ സെക്രട്ടറി, വെള്ളാവൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി3/339/2017-വിജി.
തീയതി 21.02.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/41/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ